**പൊതുമരാമത്തും ഗതാഗതവും (എം) വകുപ്പ്**

**നമ്പർ 34894/എം.2/94/പൊ. മ. ഗവ., തിരുവനന്തപുരം,**

**1994 ഒക്ടോബർ 7**

## സർക്കുലർ

വിഷയം.– മോട്ടോർ വാഹനങ്ങൾ–സർക്കാർ വകുപ്പുകൾ/പൊതുമേഖലാസ്ഥാപനങ്ങൾ/കോർപ്പറേഷനുകൾ എന്നിവയുടെ വാഹനങ്ങളിൽ ബോർഡുകൾ പ്രദർശിപ്പിക്കുന്നതു സംബന്ധിച്ച്.

സൂചന.– 25.2.1994 ലെ സർക്കുലർ നമ്പർ: 5280/എം.2/94/പി.ഡബ്ല്യൂ.ആൻറ്.ററി.

മേൽ സൂചനയിലെ സർക്കുലറിൽ സർക്കാർ വകുപ്പുകൾ/പൊതുമേഖലാസ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ തുടങ്ങിയവയുടെ വാഹനങ്ങളിൽ ബോർഡുകൾ പ്രദർശിപ്പിക്കുന്നതു സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ബോർഡുകൾ പ്രദർശിപ്പിക്കുന്ന വിധം വിശദീകരിക്കുന്നതോടൊപ്പം അവ ഇംഗ്ലീഷിൽ എഴുതണമെന്ന് ടി സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു.

മലയാളം ഔദ്യോഗികഭാഷയാക്കുന്നതിൻെറ ഭാഗമായി ബോർഡുകൾ മലയാളത്തിൽ എഴുതണമെന്ന നിർദ്ദേശം പ്രാബല്യത്തിലുള്ളതിനാൽ മേൽ സൂചിപ്പിച്ച സർക്കുലറിൽ ചില ഭേദഗതികൾ ആവശ്യമാണെന്നു കാണുകളും അതനുസരിച്ച് താഴെപ്പറയുന്ന ഭേദഗതികൾ വരുത്തുകയും ചെയ്തിരിക്കുന്നു.

1. സർക്കാർ/പൊതുമേഖലാസ്ഥാപനങ്ങൾ/ബോർഡുകൾ തുടങ്ങിയവയുടെ വാഹനങ്ങളിൽ വകുപ്പിൻെറ/സ്ഥാപനത്തിൻെറപേര് ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിക്കേണ്ടതാണ്.
2. ടി സർക്കുലറിൽ "കേരള സ്റ്റേററ്" എന്ന ബോർഡ് വയ്ക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ള വാഹനങ്ങളിൽ "കേരള സർക്കാർ" എന്ന ബോർഡ് വയ്ക്കേണ്ടതാണ്.

**എൻ. ചന്ദ്രശേഖരൻ നായർ**

ഗവൺമെൻറ് കമ്മീഷണർ ആൻറ് സെക്രട്ടറി